THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

പ്രോജക്ടുകൾ എന്തുകൊണ്ട് കൃത്യ സമയത്തിൽ പൂർത്തിയാക്കാനാകുന്നില്ല?

പ്രോജക്ട് ഓറിയന്റഡ് ബിസിനസുകൾ സമയബന്ധിതമായി പൂർത്തിയാകാത്തതിന്റെ കാരണങ്ങൾ ഉദാഹരണങ്ങളിലൂടെ അറിയാം

പ്രോജക്ട് ഓറിയന്റഡ് ബിസിനസുകളെ എങ്ങനെ കാര്യക്ഷമമായി മാനേജ് ചെയ്യാം എന്നതിനെ കുറിച്ചായിരുന്നു കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ ഞാൻ വിശദീകരിച്ചത്.

എന്താണ് ഒരു പ്രോജക്ട് എന്നും എങ്ങനെയാണ് ഓരോ പ്രോജക്ടും യഥാർത്ഥത്തിൽ പൂർത്തിയാകുന്നതിൽ കാലതാമസം നേരിടുന്നതെന്നും ഞാൻ വിവരിച്ചിരുന്നു. അതേപോലെ പ്രോജക്ട് ഓറിയന്റഡ് ബിസിനസുകൾ വൈകുന്നത് ലാഭക്ഷമതയെ എങ്ങനെ ബാധിക്കുമെന്ന് ആർക്കിടെക്ചർ സ്ഥാപനത്തിന്റെ ഉദാഹരണത്തിലൂടെ വിവരിച്ചു.

പ്രോജക്ട് ഓറിയന്റഡ് ബിസിനസുകളുടെ പ്രൈമറിയിൽ ലൈഫ് സൈക്കിളും സിപ്പിക്കൽ ലൈഫ് സൈക്കിളും വിവരിക്കുകയും താരതമ്യം നടത്തുകയും ചെയ്തിരുന്നു.

പ്രോജക്ടുകൾ എന്തുകൊണ്ടു വൈകുന്നുവെന്നതിന്റെ കാരണം പ്രോജക്ട് ഓറിയന്റഡ് ബിസിനസുകളിൽ ജോലി ചെയ്യുന്ന ആളുകളിൽ നിന്ന് തേടുകയും സമയത്തിന്റെ അപര്യാപ്തതയാണ് പ്രധാന പ്രശ്നമെന്ന് അതിൽ നിന്ന് മനസിലാക്കുകയും ചെയ്തു.

പ്രോജക്ട് പൂർത്തിയാക്കാൻ വേണ്ടി വരുന്ന സമയം കണക്കാക്കുന്ന രീതി അടിസ്ഥാനപരമായി ശരിയല്ല എന്ന നിഗമനത്തിലാണ് ഇതിൽ നിന്ന് ഞാൻ എത്തിച്ചേർന്നത്.

റെയ്ൽവേ സ്റ്റേഷനിൽ നിന്ന് ഒരാളെ പിക്ക് ചെയ്യുന്ന ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കുകയും ചെയ്തു. ഒരു കാര്യം വൈകുന്നതിനുള്ള പൊട്ടൻഷ്യാലിറ്റി എത്രത്തോളമുണ്ടെന്നതിനെ ആശ്രയിച്ച് ഒരു ജോലി പൂർത്തിയാക്കാനുള്ള ടൈം എസ്റ്റിമേറ്റിൽ വ്യത്യാസം വരും.

ഈ ലേഖനത്തിൽ ഒരു ബിസിനസ് സാഹചര്യത്തിൽ ഒരു ജോലിക്കുള്ള ടൈം എസ്റ്റിമേഷൻ കണക്കാക്കുന്ന ഉദാഹരണം പരിശോധിക്കാം.

ഒരു പ്രത്യേക ജോലി പൂർത്തിയാക്കാൻ വേണ്ടി നിയമിക്കപ്പെട്ട ഒരു കോൺട്രാക്ടറാണ് നിങ്ങളെന്നു വിചാരിക്കുക. കൃത്യസമയത്ത് പ്രോജക്ട് പൂർത്തിയാക്കിയാൽ നിങ്ങൾക്ക് കോൺട്രാക്ടർ തുക 100 ശതമാനവും ലഭിക്കും.

ഇനി പ്രോജക്ട് പൂർത്തിയാക്കാൻ കാലതാമസമുണ്ടായാൽ നിങ്ങൾക്ക് പിഴയിടുകയും ചിത്തപ്പേർ ലഭിക്കുകയും ചെയ്യും.

ജോലി പൂർത്തിയാക്കാൻ എത്ര സമയം വേണ്ടി വരുമെന്ന് കണക്കാക്കാൻ നിങ്ങളോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നിങ്ങളുടെ പ്രവർത്തന പരിചയത്തിൽ നിന്ന്, ജോലി പൂർത്തിയാക്കാൻ വേണ്ട ഏറ്റവും കുറഞ്ഞ സമയം ഒരു ദിവസമാണ്.

മൂന്നു ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ജോലി പൂർത്തിയാക്കാനുള്ള സാധ്യത 50 ശതമാനമാണ്. ഒൻപത് ദിവസം കൊണ്ട് ജോലി പൂർത്തിയാക്കാനുള്ള സാധ്യതയെങ്കിൽ 95 ശതമാനവും. ഈ വിവരങ്ങളാണ് ഫിഗർ 1 ൽ കാണിച്ചിരിക്കുന്നത്.

വളരെ വ്യക്തമാണ്, ബിസിനസിൽ ജോലി പൂർത്തിയാക്കാൻ വൈകുന്നതിന് പിഴ ഈടാക്കുകയാണെങ്കിൽ ജോലി പൂർത്തിയാക്കാൻ 95 ശതമാനം സാധ്യതയുള്ള സമയമായിരിക്കും ജീവനക്കാർ നൽകുക.

Figure 1: **Estimation of Time Required for the Task**



അത്തരം കേസുകളിൽ, മിക്ക കോൺട്രാക്ടർമാരും പറയുക ആ ജോലി തീർക്കാൻ ഒമ്പത് ദിവസം വേണമെന്നായിരിക്കും.

ഇത്തരമൊരു പെരുമാറ്റം മൊത്തം പ്രോജക്കിനെ എങ്ങനെ ബാധിക്കുമെന്ന് നോക്കാം.

പത്തു കോൺട്രാക്ടർമാർ ചെയ്യേണ്ട പത്ത് സമാനമായ ജോലികളാണ് പ്രോജക്കിൽ ഉൾപ്പെടുന്നതെന്ന് വിചാരിക്കുക. ഫിഗർ 2 നോക്കുക.

ഓരോ ജോലിക്കും വേണ്ട ഏറ്റവും കുറഞ്ഞ സമയം ഒരു ദിവസമാണെങ്കിൽ മൂന്നു ദിവസത്തിനുള്ളിൽ ജോലി തീർക്കാനുള്ള സാധ്യത 50 ശതമാനവും ഒമ്പതു ദിവസം കൊണ്ട് ജോലി തീർക്കാനുള്ള സാധ്യത 95 ശതമാനവുമാണ്. അപ്പോൾ നമുക്കറിയാം ഓരോ കോൺട്രാക്ടറും ഈ ജോലി പൂർത്തിയാക്കാൻ കണക്കാക്കുന്നത് ഒമ്പത് ദിവസമായിരിക്കും.

> **ജോലി ചെയ്യുമ്പോഴുള്ള പെരുമാറ്റവും കാര്യക്ഷമതയിൽ വലിയ പങ്കു വഹിക്കുന്നു**

Figure 2: **Estimation in Project**



Figure 3: **Actual Times in Project**



അപ്രകാരം മൊത്തം പ്രോജക്ട് തീർക്കാൻ വേണ്ടി വരുന്നത് 90 ദിവസം.

നമുക്കറിയാം ഓരോ ജോലിയും പൂർത്തിയാകാൻ യഥാർത്ഥത്തിൽ ഒരു ദിവസം മുതൽ ഒമ്പത് ദിവസം വരെ വേണ്ടിവരും. ഫിഗർ 3 ൽ കാണിച്ചിരിക്കുന്നതു പോലെ.

ഇത് അർത്ഥമാക്കുന്നത് വർക്ക് പൂർത്തിയാക്കാൻ 90 ദിവസം വേണമെന്ന് കണക്കാക്കിയിരിക്കുന്നത് യഥാർത്ഥത്തിൽ ആവശ്യമായതിനേക്കാൾ വളരെ വളരെ കൂടുതലാണ്.

അതായത് ഒരു ബിസിനസ് സിറ്റുവേഷനിൽ ഒരു പ്രോജക്ട് പൂർത്തിയാക്കാൻ കണക്കാക്കുന്ന സമയം ആവശ്യത്തിലുമധികമാണ്, അതുകൊണ്ട് തന്നെ മിക്ക പ്രോജക്ടുകളും കൃത്യസമയത്ത് തന്നെ പൂർത്തിയാകണം.

എന്നിട്ടും എന്തുകൊണ്ടാണ് എല്ലാ പ്രോജക്ടുകളും യഥാർത്ഥത്തിൽ താമസിക്കുന്നത്?

Figure 4: **Different Behaviors Exhibited**

മിക്ക പ്രോജക്ടുകളും വൈകുന്നതിന്റെ കാരണം നമ്മൾ ജോലി കണക്കാക്കുമ്പോഴും ജോലി ചെയ്യുമ്പോഴും വ്യത്യസ്തമായ സ്വഭാവം കാണിക്കുന്നുവെന്നതാണ്. അതാണ് ഫിഗർ 4 ൽ കാണിച്ചിരിക്കുന്നത്.

നേരത്തെ വിവരിച്ചതു പോലെ, ജോലി കണക്കാക്കുന്ന സമയത്ത് സാധാരണയായി നമ്മൾ കൃത്യസമയത്ത് പൂർത്തിയാക്കാൻ 95 ശതമാനം സാധ്യതയുള്ള ജോലി സമയമാണ് നൽകാറുള്ളത്.

എന്നാൽ ജോലി നടപ്പാക്കുന്ന സമയത്ത് നമ്മൾ മറ്റൊരു തരത്തിലായിരിക്കും പെരുമാറുക.

ജോലി ചെയ്യുന്ന സമയത്ത് കാണാനാകുന്ന ഒരു പെരുമാറ്റത്തെ ഞാൻ വിളിക്കുന്നത് 'Exam Syndrome' എന്നാണ്.

നിങ്ങൾ എൻജിനീയറിംഗിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണെങ്കിൽ, നിങ്ങൾക്ക് ഓരോ സെമ